II. തരിശുനിലത്തിൽ പച്ചക്കറി കൃഷി :

2014 -15 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുവരെ 14 ജില്ലകളിലായി 441.582 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ തരിശുനിലത്തിൽ കൃഷി ചെയ്യുന്ന പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പച്ചക്കറി വികസന പദ്ധതി -തരിശുനിലം കൃഷി :

2013-14 ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 1186.5691 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശുനിലം കൃഷി ചെയ്യുന്നതിന് 30000 രൂപയാണ് ധനസഹായമായി നൽകിയത്. ഒരു ഹെക്ടറിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ധനസഹായമായി നൽകി. ആകെ 351.162 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകി.

2. തരിശു രഹിത പഞ്ചായത്ത്

2013-14-ലെ തരിശു രഹിത പഞ്ചായത്ത് പദ്ധതി പ്രകാരം വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. തരിശുനിലത്തിൽ വാഴ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40000 രൂപ നിരക്കിൽ 664.75 ഹെക്ടർ വാഴ കൃഷി ചെയ്തതിന് 261.65 ലക്ഷം രൂപ സഹായ ധനം നൽകി. കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിക്ക് ഹെക്ടറിന് 30000 രൂപ നിരക്കിൽ 266.26 ഹെക്ടറിൽ കിഴങ്ങുവിള കൃഷി ചെയ്തതിന് 77.69 ലക്ഷം രൂപ സഹായധനം നൽകി.

കാർഷിക വിള ഇൻഷുറൻസ് പദ്ധതി

22 (*142) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷുറൻസ് പദ്ധതി കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. എന്നാൽ മേൽപ്പറഞ്ഞ എല്ലാ ഇൻഷ്വറൻസ് പദ്ധതികളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) എന്നീ വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമി കല്ലുക്കം, ഭൂകമ്പം, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.

പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതി ക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി ശക്തിയായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതിപ്രകാരം പ്രകൃതിക്ഷോഭംമൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷുറൻസ് സംരക്ഷണം ലഭിക്കുന്നു. 2013-14 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-15 വർഷത്തിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) (600 രൂപയിൽ നിന്നും 900 രൂപയായും 16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1150 രൂപയിൽ നിന്നും 1750 രൂപയായും നഷ്ടപരിഹാരതുക ഉയർത്തിയിട്ടുണ്ട്.

പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയും കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും 2014-15 വർഷത്തിൽ സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകർ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ചദിവസം മുതൽ ഏഴ് ദിവസങ്ങൾക്കു ശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു ഹെക്ടർ നെൽകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു ഹെക്ടർ നെൽ കൃഷി ഇൻഷ്വർ ചെയ്യുന്നതിന് ഇൻഷ്വർ ചെയ്ത തുകയുടെ 10 ശതമാനം പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 75 ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരും 25 ശതമാനം മാത്രം കർഷകനും വഹിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റു കാർഷിക വിളകൾക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഈ കാർഷിക വിളകൾക്കുള്ള പ്രീമിയത്തിന്റെ 50 ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകളും 50 ശതമാനം കർഷകരും വഹിക്കും.

2014-15 വർഷത്തിൽ പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആകെ പ്രീമിയം തുകയുടെ 60 ശതമാനം പ്രീമിയം തുക സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. ബാക്കി 40 ശതമാനം പ്രീമിയം തുകയാണ് കർഷകർ വഹിക്കേണ്ടത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50 ശതമാനം നാളികേര വികസന ബോർഡും 25 ശതമാനം സംസ്ഥാന സർക്കാരും 25 ശതമാനം കർഷകരും ചേർന്ന് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly